**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണബാങ്കുകളിലെ കുടിശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണബാങ്കുകളിലെ കുടിശികയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചിത തീയതിക്കുള്ളിൽ കുടിശിക തീർക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ; | (എ) | നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിലാണ് ടി പദ്ധതി പ്രകാരമുള്ള വ്യവസ്ഥ കളോടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം ലഭിക്കുന്നത്. എന്നാൽ ടി പദ്ധതിയുടെ ഭാഗമായി നടത്തുന്ന അദാലത്തുകളിൽ വായ്പാക്കാരനും, സംഘവുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ വായ്പക്കാരന്റെ സാഹചര്യം പരിഗണിച്ച് ഗഡുക്കളായും, ആദ്യ ഗഡു പദ്ധതിക്കാലയളവിനുള്ളിൽ അടച്ച് തുടർന്ന് ഒന്നോ, രണ്ടോ ഗഡുക്കളായും തുക തിരിച്ചടക്കുന്നതിനുള്ള അവസരവും നൽകാറുണ്ട്. |
| (ബി) | കുടിശികയായ ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അവസരം ഉണ്ടാക്കാമോ? | (ബി) | നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച സർക്കുലറിൽ കുടിശികയായ ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും സാധിക്കുമെന്ന നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശികയായ ലോണുകൾ ഒറ്റത്തവണയായി അടച്ചു തീർക്കുന്നവർക്ക് വർഷത്തിൽ എപ്പോൾ വേണമെങ്കിലും പ്രസ്തുത ലോൺ അടയ്ക്കുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അവസരം നൽകുന്നത് വായ്പാക്കാരിൽ കൃത്യമായി വായ്പ തിരിച്ചടവ് ശീലം കുറയ്ക്കു ന്നതിനും, വർഷത്തിൽ എപ്പോൾ വേണമെങ്കിലും വായ്പ തിരിച്ചടച്ച് നടപടികളിൽ നിന്നും ഒഴിവാകാം എന്ന മനോഭാവം സൃഷ്ടിക്കുന്നതിനും ഇതു മൂലം സംഘങ്ങളുടെ സാമ്പത്തിക നഷ്ടത്തിനും കാരണമാകാം. |

സെക്ഷൻ ഓഫീസർ